# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.150/2024 തിരുവനന്തപുരം, തീയതി: 06/07/2024

## പത്രക്കുറിപ്പ്

### സ്പോർട്സ് ക്വാട്ട അഡ്മിഷൻ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2024-2025 അധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിലെ സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്ക് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. ബോർഡുകളെയോ കേന്ദ്രീയ വിദ്യാലയം/നവോദയ വിദ്യാലയം എന്നീ സ്ഥാപനങ്ങളെയോ പ്രതിനിധീകരിച്ച് വിവിധ തലങ്ങളിൽ സ്പോർട്സ് നേട്ടങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത യോഗ്യതകൾ ഉള്ള വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് 2024 ജൂലൈ 10 വരെ അപേക്ഷിക്കാം. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in സന്ദർശിക്കുക.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2024-2025

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള പോർട്ടലിൽ ധനുവച്ചപുരം കോളേജ് ഫോർ അപ്ലൈഡ് സയൻസിൽ ബി.സി.എ കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ടി കോഴ്സിലേക്ക് 2024 ജൂലൈ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### കേരളസർവകലാശാലയുടെ ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2024 രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2024-25 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ്. പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ഓൺലൈനായി ഫീസടച്ച ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ, തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങൾ (https://admissions.keralauniversity.ac.in) ൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജനുവരിയിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക്. ട്രാവൽ ആന്റ് ടൂറിസം (357) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 മാർച്ചിൽ നടത്തിയ അവസാന വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2016 & 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 26 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മേഴ്സിചാൻസ് പരീക്ഷ – ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (Old Scheme)

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (old scheme) കോഴ്സിന്റെ 2024 ആഗസ്റ്റിൽ നടക്കുന്ന മേഴ്സിചാൻസ് പരീക്ഷയ്ക്ക് പിഴകൂടാതെ 2024 ജൂലൈ 25 വരെയും 100/- രൂപ പിഴയോടെ ജൂലൈ 31 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. സുവോളജി (ന്യൂ ജനറേഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജൂലൈ 9 ന് അതാത് കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240